**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2658** **04-03-2025 - ൽ മറുപടിയ്ക്ക്**

**നഷ്ടപരിഹാരം ലഭിക്കുന്നതിനായുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചെറായി - ഞാറയ്ക്കൽ 110 കെ.വി. ഡബിൾ സർക്യൂട്ടിന്റെ ടവർ വൈപ്പിൻ നിയോജക മണ്ഡലത്തിലെ അയ്യമ്പിള്ളി കരയിൽ കിഴക്കേമണിയിൽ വീട്ടിൽ അച്ചുതൻ നായർ മകൻ രത്നാകരൻ എന്ന വ്യക്തിയുടെ സ്ഥലത്തിന് നടുക്ക് നിർമ്മിക്കുന്നതിനാലും ഹൈ ടെൻഷൻ ലൈനുകൾ പ്രസ്തുത സ്ഥലത്തിന് നടുവിലൂടെ കടന്നു പോകുന്നതിനാലും സ്ഥലം ഉപയോഗശൂന്യമാകുന്നതിനാൽ സ്ഥലം സർക്കാർ ഏറ്റെടുത്ത് നഷ്ടപരിഹാരം ലഭിക്കുന്നതിനായി സ്ഥലമുടമയായ രത്നാകരൻ എം.എൽ.എ. മുഖാന്തിരം 08.10.2024-ന് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (എ) | ടി പുരയിടത്തിലൂടെ ലൈൻ വലിക്കുന്നതിനെതിരെ അച്ചുതൻ നായർ മകൾ ശ്രീമതി ലീല, കുറമശ്ശേരി സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ പരാതി സമർപ്പിച്ചിട്ടുള്ളതും, ആയത് എറണാകുളം-അഡീഷണൽ ജില്ല മജിസ്ട്രേറ്റിന്റെ പരിഗണനയിലേക്ക് നൽകിയിട്ടുള്ളതാണെന്നും (case No. M5/836516/24/TDCEKM dated 23.03.2024). 25.09.2024-ൽ ഹിയറിങ് കഴിഞ്ഞിരുന്നെങ്കിലും ഉത്തരവ് ഇതുവരെ ലഭിച്ചിട്ടില്ല എന്നും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.<br><br>ബഹു. എം.എൽ.എ. മുഖാന്തിരം 08.10.2024- ന് അച്ചുതൻ നായർ മകൻ ശ്രീ. രത്നാകരൻ സമർപ്പിച്ചിട്ടുള്ള പരാതിയിൽ ടി പുരയിടം നഷ്ടപരിഹാരം നൽകി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പുതിയ ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. സ്ഥലം ഏറ്റെടുക്കാറില്ല. ലൈൻ കടന്നു പോകുന്നതു മൂലവും ടവർ സ്ഥാപിക്കുന്നതു മൂലവും സ്ഥലത്തിനുണ്ടാകുന്ന വിലയിടിവിനനുസൃതമായ നിയമാനുസൃതമായ നഷ്ടപരിഹാരം ആണ് നൽകി വരുന്നതെന്നും ലൈൻ പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ തുടങ്ങുന്നതാണെന്നും കെ. എസ്. ഇ ബി.എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ